# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി6/491/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 18/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി6/491/2021 തീയ്യതി: 18/03/2021

## കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 03-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട.ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2021 | 15-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2021 | 15-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മോഹൻ കുരുന്നം മനക്കൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഇന്ദുകല. സി. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡാനിഷ്. എ.ഇസെഡ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കവിത. പി. വി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. രാജീവൻ. ടി | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജൻ. കെ.എം | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. സിമി ഭാസ്കർ | അസി. എഞ്ചിനീയർ | 01-04-2019 | 24-04-2019 |
| ശ്രീ. അശ്വിൻ. ബി | അസി. എഞ്ചിനീയർ | 25-04-2019 | 31-03-2020 |
| ഡോ. ശ്യാം സുന്ദർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. പ്രീത. വി. കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ജഹാന. ടി | മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) | 01-04-2019 | 31-01-2020 |
| ഡോ. ഇല്ല്യാസ്. ടി. കെ | മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) | 01-02-2020 | 18-03-2020 |
| ഡോ. ഹരീഷ്. ഡി. ആർ | മെഡിക്കൽ ഓഫീസർ(പി. എച്ച്.സി) | 19-03-2020 | 31-03-2020 |
| ശ്രീമതി. സന്ധ്യ. പി. ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സിനി. പി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. പ്രസീത. ചക്കാന്തൊടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. രവീന്ദ്രൻ. എം. ടി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ. ശ്രീജിത്ത്. പി | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സന്ധ്യ. പി. കെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ. മഹേഷ്. കെ. കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.V.Indukala (Senior Grade Auditor, On 10-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കിയതിലെ അപാകത<br>Written By: C.V.Indukala (Senior Grade Auditor, On 10-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-1-1 |
| 3 | ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: C.V.Indukala (Senior Grade Auditor, On 10-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-1-2 |
| 4 | ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ ചെലവഴിച്ചു<br>Written By: C.V.Indukala (Senior Grade Auditor, On 11-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: C.V.Indukala (Senior Grade Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-2 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-2-1 |
| 7 | സാമ്പത്തിക വിശകലനം<br>Written By: C.V.Indukala (Senior Grade Auditor, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-4-1 |
| 10 | പദ്ധതി അവലോകനം<br>Written By: C.V.Indukala (Senior Grade Auditor, On 13-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Danish A.Z (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Danish A.Z (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: Danish A.Z (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: C.V.Indukala (Senior Grade Auditor, On 12-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-9 |
| 15 | സാംഖ്യരസീറ്റ് അപാകത തുടർനടപടി സ്വീകരിച്ചിട്ടില്ല<br>Written By: Danish A.Z (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-10 |
| 16 | കെട്ടിട നിർമ്മാണ നിയന്ത്രണം- പ്രധാന നിരീക്ഷണങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-11 |
| 17 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-12 |
| 18 | കാർഷികമേഖലയിൽ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രൊജക്ടുകൾ ആസൂത്രണം ചെയ്യപ്പെടുന്നില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-13 |
| 19 | മരാമത്ത് പ്രൊജക്ടുകൾ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതും മറ്റ് അപാകതകളും | 1-14 |

| | | |
|---|---|---|
| | Written By: Mohan Kurunnam Manakkal (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | |
| 20 | കറവ പശുക്കൾക്ക് കാലിത്തീറ്റ – ക്ഷീരസഹകരണ സംഘം മുഖേന വിതരണം ചെയ്യാത്തത് കാരണം, ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാനായില്ല.<br>Written By: Mohan Kurunnam Manakkal (Audit Officer, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-15 |
| 21 | സ്ട്രീറ്റ്ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Danish A.Z (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-16 |
| 22 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വിതരണം- അപാകത<br>Written By: Danish A.Z (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-17 |
| 23 | മാലിന്യ സംസ്കരണം- പദ്ധതികൾ നടപ്പാക്കിയില്ല<br>Written By: C.V.Indukala (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-18 |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക -ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല<br>Written By: C.V.Indukala (Senior Grade Auditor, On 14-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-19 |
| 25 | മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചില്ല<br>Written By: Danish A.Z (Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: C.V.Indukala (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: C.V.Indukala (Senior Grade Auditor, On 07-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: C.V.Indukala (Senior Grade Auditor, On 15-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.V.Indukala (Senior Grade Auditor, On 06-03-2021)<br>Last Updated By: Vasudevan M (Deputy Director, On 18-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 20.02.2019 ലെ 21/2019 തീരുമാനപ്രകാരവും , പുതുക്കിയ ബജറ്റ് 27.03.2020തീയതിയിലെ 56/20 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 74,53,669 |
| വരവ് | 13,62,74,000 |
| ആകെ | 14,37,27,669 |
| ചെലവ് | 13,86,59,995 |
| നീക്കിയിരിപ്പ് | 50,67,674 |

### 1-1-1 ബജറ്റ് തയ്യാറാക്കിയതിലെ അപാകത

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി 18.02.2019 ലെ 20/19 നം തീരുമാന പ്രകാരം അംഗീകരിച്ചതും പഞ്ചായത്ത് ഭരണസമിതി 20.02.2019 ലെ 22/19 നം. തീരുമാനപ്രകാരം അംഗീകരിച്ചതുമായ 2018-19 വർഷത്തെ പുതുക്കിയ ബജറ്റ് വിശദാംശങ്ങൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ച 2018-19 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | ഭരണ സമിതിയിൽ അംഗീകരിച്ച ബജറ്റ് | ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ച ബജറ്റ് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 94,33,065 | 77,63,663 | 16,69,402 |
| വരവ് | 13,33,73,847 | 12,33,73,847 | 1,00,00,000 |
| ആകെ | 13,28,06,912 | 13,11,37,510 | 16,69,402 |
| ചെലവ് | 12,53,53,243 | 11,77,53,243 | 76,00,000 |
| നീക്കിയിരിപ്പ് | 74,53,669 | 1,33,84,267 | -59,30,598 |

2018-19 വർഷത്തെ പുതുക്കിയ ബജറ്റിലെനീക്കിയിരിപ്പായിരിക്കണം 2019-20 വർഷത്തെ മുന്നിരിപ്പ് . എന്നാൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ച 2018-19 പുതുക്കിയ ബജറ്റ് , 2019-20 ബജറ്റ് എന്നിവ ഇപ്രകാരത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് . ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള തുകകൾ ഇപ്രകാരം വ്യതിചലിച്ചത് എങ്ങനെ എന്ന് ഭരണസമിതി , സ്റ്റാൻഡിംഗ് കമ്മറ്റി മിനട്ട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല . 20.02.2019 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിൽ കരട് ബജറ്റ് നിർദ്ദേശങ്ങൾ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ച ബജറ്റ് അതേ ദിവസം തന്നെ വാർഷിക ബജറ്റ് നിർദ്ദേശങ്ങൾ മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിക്കുകയാണുണ്ടായത്. വ്യത്യാസം വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല

## ബജറ്റ് രേഖകൾ സൂക്ഷിച്ചിട്ടില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ബജറ്റ് തയ്യാറാക്കുന്നതിന്റെ നടപടിക്രമം, സമയക്രമം, സൂക്ഷിക്കേണ്ട രേഖകൾ എന്നിവ വിശദീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് പത്രിക നിശ്ചിത മാതൃകയിൽ തയ്യാറാക്കി അനുബന്ധ രേഖകളും ബജറ്റ് പ്രസംഗവും സഹിതം അവതരിപ്പിക്കേണ്ടതും, വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട യാതൊരുവിധ രേഖകളും സൂക്ഷിച്ചിട്ടില്ല.

## ബജറ്റ് നടപടികളുടെ സമയക്രമം

ബജറ്റ് മാന്വൽ പ്രകാരം പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബഡ്ജറ്റ് രേഖകൾ സൂക്ഷിക്കാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല. വരുമാനത്തിലും ചെലവിലും കാലാകാലങ്ങളിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് അതാതുസമയങ്ങളിൽ ബജറ്റ് പുതുക്കുന്നതായി കാണുന്നില്ല.പകരം സാമ്പത്തിക വർഷാവസാനം മാത്രമാണ് ബജറ്റ് പുതുക്കി കാണുന്നത്. ബഡ്ജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും പരമാവധി ശ്രദ്ധിക്കേണ്ടതാണ്. .

### 1-1-3 ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ ചെലവഴിച്ചു

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(8) ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് ഗ്രാമപഞ്ചായത്ത് ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ചില ഇനങ്ങൾക്ക് വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് | ഇനം | 2019-20 പുതുക്കിയ ബജറ്റ് പ്രകാരം വകയിരുത്തിയ തുക | 2019-20 വാർഷിക കണക്ക് പ്രകാരം ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2305009 | അറ്റകുറ്റപ്പണികൾ | 125000 | 137047 |
| 2 | 2303001 | Consumption Of Stores | 10000 | 77777 |
| 3 | 220100201 | Rates | വകയിരുത്തിയിട്ടില്ല | 417 |

നിയമത്തിൽ അനുശാസിക്കും വിധം, ബജറ്റിൽ തുക വകയിരുത്താത്ത ഇനത്തിന് തുക ചെലവഴിക്കാതിരിക്കുന്നതിനും, ബജറ്റിൽ അധികരിച്ച് ചെലവഴിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 18.05.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. എം. പി ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നം. 67231040589(SBI)) പാസ്സ് ബുക്ക് പ്രകാരം 25.03.2020 ലെ നീക്കിയിരിപ്പ് ബാങ്ക് പലിശ 4521/- രൂപ ഉൾപ്പടെ 5,86,984/- രൂപയാണ്. എന്നാൽ വാർഷികകണക്ക്

പ്രകാരവും, ബാങ്ക് ബുക്ക് പ്രകാരവും നീക്കിയിരിപ്പ് 5,82,463/ - രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

2. സഞ്ചയയിൽ നിന്നും ലഭ്യമായ വസ്തു നികുതിയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരം | ഡി.സി.ബി പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാൻഡ് | 38,54,999 | 38,12,956 | 42,043 |
| തൻവർഷ കലക്ഷൻ | 33,92,551 | 33,71,076 | 21,475 |
| ബാലൻസ്(Current) | 4,73,731 | 4,52,177 | 21,554 |

3. 2018-19 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-15ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശിക ഇല്ല. എന്നാൽ 2019-20 വാർഷിക കണക്കിലെ ബാലൻഷീറ്റ് പ്രകാരം (ഷെഡ്യൂൾ B-15)വസ്തുനികുതി കുടിശ്ശികയായി 7652/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.

4. തൊഴിൽ നികുതി (Institutions/Traders) ഡിമാൻഡ് രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാൻഡ്, കളക്ഷൻ 5,14,250/- രൂപയാണ്. ബാലൻസ് ഇല്ല. വാർഷികകണക്ക പ്രകാരവും ഡിമാൻഡും(I-1), കളക്ഷനും(RP-43) 514250/- രൂപ. എന്നാൽ വാർഷികകണക്ക് ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം 23,560/- രൂപ ബാലൻസ് ഉണ്ട്.

5. തൊഴിൽ നികുതി (Employees) ഡിമാൻഡ് രജിസ്റ്റർ പ്രകാരം തൻവർഷ ഡിമാൻഡ് 3797280/-(3779940+17340 അരിയർ) രൂപയും, കളക്ഷൻ 3779940/- രൂപയുമാണ് . വാർഷികകണക്കിൽ ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, കുടിശ്ശിക തുകയായ 17340/- രൂപ ഡിമാൻഡിൽ ഉൾപ്പെടുത്തിയത് എങ്ങിനെ എന്നതിന് വ്യക്തതയില്ല.

6. തൊഴിൽരഹിത വേതനം രജിസ്റ്റർ പ്രകാരം തൻവർഷം തൊഴിൽ രഹിതവേതനം വിതരണം ചെയ്യുന്നതിനായി ചെലവഴിച്ചത് 49,740/- രൂപയാണ്. വാർഷികകണക്കിൽ 49,800/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. (വ്യത്യാസം 60/- രൂപ).

7. തനത് ഫണ്ടിൽ നിക്ഷേപിച്ച തുകകളുടെ കാര്യത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8. വാർഷികകണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, , അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

9. തൻവർഷം പാർട്ട് ബിൽ നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

10. RP-10 ഷെഡ്യൂൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 6120/- രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ച രേഖകൾ പ്രകാരം സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects<br>(For Capital Expenditure)-Block Panchayath | 50,000 |
| Contribution For Joint Venture Projects<br>(For Revenue Expenditure)-From Block Panchayaths | 5,61,492 |
| Contribution For Joint Venture Projects<br>(For RevenueExpenditure)-From District Panchayaths | 2,20,000 |

12. ലേലം ഇനത്തിലെ തൻവർഷ വരവ് 29050/- രൂപയാണ്. വാർഷികകണക്കിൽ RP- 5 പ്രകാരം വരവ് 5150/- രൂപയേ രേഖപ്പെടുത്തിയിട്ടുള്ളൂ.

13. RP-10 പ്രകാരം മിസലേനിയസ് രസീപ്റ്റ്സ് ഇനത്തിൽ 11,381/- രൂപ വരവുണ്ട്. കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

14. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

15. ആസ്തിരജിസ്റ്ററിൽ ആസ്തികളുടെ യഥാർത്ഥമൂല്യം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11ലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,44,42,129 |
| വരവ് | 4,25,03,807 |
| ആകെ | 6,69,45,936 |
| ചെലവ് | 3,87,92,371 |
| നീക്കിയിരിപ്പ് | 2,81,53,565 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | - | 10724400 | 10724400 | 8297087 | 2427313 | ക്യൂബിൽ തുക 1029962 |
| വികസന ഫണ്ട് (എസ്.സി.പി ) | - | 1015000 | 1015000 | 677178 | 337822 | ക്യൂബിൽ തുക 325000 |
| വികസന ഫണ്ട് (ടി.എസ്.പി ) | - | - | - | - | - | |
| മെയിന്റനൻസ് (റോഡ് ) | - | 5994000 | 5994000 | 1318736 | 4675264 | ക്യൂബിൽ തുക 3298792 |
| മെയിന്റനൻസ് (നോൺ റോഡ്) | - | 3501000 | 3501000 | 1555246 | 1945754 | ക്യൂബിൽ തുക 279892 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC -Tied) | - | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC -UnTied) | - | 8851182 | 8851182 | 2883753 | 5967429 | ക്യൂബിൽ തുക 4624723 |
| ലോകബാങ്ക് സഹായം | - | - | - | - | - | |
| സാക്ഷരത | 22,669 | 891 | 23560 | - | 23560 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി.എസ് | 1124556 | 918675 | 2043231 | 992991 | 1050240 | |
| സംസ്ഥാനാവിഷ്കൃത | - | - | - | - | - | |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)16/2021/ത.സ്വ.ഭ.വ പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. കേന്ദ്രാവിഷ്കൃത ഫണ്ട് സംക്ഷിപ്ത ഭാഗത്ത് വരവ് ഇല്ല. എന്നാൽ ഐ.സി.ഡി.എസ്, സ്വച്ഛ്ഭാരത് മിഷൻ എന്നീ കേന്ദ്രപദ്ധതികൾക്കായി തൻവർഷം വരവുള്ളതായി അതത് പദ്ധതികൾ സംബന്ധിച്ച ഗ്രാന്റ് വിനിയോഗപട്ടിക വ്യക്തമാക്കുന്നു. (ആകെ വരവ് 2371556/-രൂപ, ആകെ നീക്കിയിരിപ്പ് 20545763/- രൂപ) സംക്ഷിപ്ത പട്ടികയിൽ വരവ് വിവരം ഉൾപ്പെടുത്താതെ ചെലവ് മാത്രം ഉൾപ്പെടുത്തിയതിനാൽ ഫണ്ടിന്റെ നീക്കിയിരിപ്പ് മൈനസ് തുകയായി ( -1125991/-) ഉൾപ്പെട്ടിരിക്കുന്നു.
2. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഐ.സി.ഡി.എസ് (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 2,30,01,000/- രൂപയാണ്. വാർഷിക കണക്ക് RP-31 ഷെഡ്യൂൾ പ്രകാരം ഇത് 9,18,675/- രൂപയാണ്.
3. വാർഷികകണക്ക് പ്രകാരം ഓഡിറ്റ് വർഷത്തിൽ സ്വച്ച് ഭാരത് മിഷൻ വരവ്ഇല്ല. എന്നാൽ ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം 7,14,560/- രൂപ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്.
4. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ്, നീക്കിയിരിപ്പ് എന്നിവ ഐ.കെ.എം സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 4,81,94,888 | 73 | 1,91,19,744 | 62 | 3 | 52.89% |

തൻവർഷം വിവിധ ഫണ്ടിനങ്ങളിലായി 4,81,94,888 വകയിരുത്തി 138 പ്രൊജക്ടുകൾ ഉൾക്കൊള്ളുന്ന വാർഷിക പദ്ധതി തയ്യാറാക്കി സ്ഥാപനം അംഗീകാരം വാങ്ങിയിട്ടുണ്ട്(64750/2019/DPC/DPO/KKD തീ.31.12.218). ഇതിൽ 73 പ്രൊജക്ടുകൾ പൂർണ്ണമായും 62 എണ്ണം ഭാഗികമായും നടപ്പിലാക്കി. ഇതിനായി 1,91,19,744രൂപ മാത്രമാണ് വിവിധ ഫണ്ടിനങ്ങളിൽ നിന്നും ചെലവഴിച്ചത്. ചെലവ് ശതമാനം 52.59%. ആകെ പ്രൊജക്ടുകളിൽ 39 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. നടപ്പാക്കിയ73 പദ്ധതികളിൽ 19 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ്. അനിവാര്യ വകയിരുത്തൽ ആവശ്യമായ അഗതി രഹിത കേരളം പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

അസി.എഞ്ചിനീയർ തയ്യാറാക്കി അംഗീകാരം വാങ്ങിയ70 പ്രൊജക്ടുകളിൽ 26 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. ചെലവ് 21 ശതമാനം മാത്രം. വകയിരുത്തിയ 2,32,38,178/- രൂപയിൽ 49,76,367/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സർക്കാർ ഗ്രാന്റുകൾ വിനിയോഗിക്കുന്നതിലും കുറവ് വന്നതായി കാണുന്നു. ഉദാഹരണമായി, വികസനഫണ്ട് (ജനറൽ) 1,16,77,000/- വകയിരുത്തിയതിൽ 82,97,087/- രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്(71%). സംരക്ഷണഗ്രാന്റ് റോഡ് വിഹിതം 7191600/- രൂപ വകയിരുത്തി ചെലവഴിച്ചിരിക്കുന്നത് 13,18,736/- രൂപയാണ്(18%).

വാർഷികപദ്ധതിക്കായി വകയിരുത്തിയ 7034969/-രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ചെലവഴിച്ചിരിക്കുന്നത് 1929486/- രൂപ (27.42%.). ജില്ലാ, ബ്ലോക്ക് ധനസഹായങ്ങളുടെ ചെലവും കുറവാണ്.

2018 ഡിസംബറിൽ തന്നെ 2019-20 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. സർക്കാർ മാർഗ്ഗ നിർദേശം പാലിച്ച് സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കി

ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ 2019-20 പദ്ധതിയിലെ 39 പ്രോജക്ടുകൾ(95,58,369) ക്യൂവിലേയ്ക്ക് മാറ്റേണ്ടതായി വന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ.(എംഎസ്) 11/2018നമ്പർ ഉത്തരവ് അടിസ്ഥാനപ്പെടുത്തിയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ആയതിനുള്ള മുന്നൊരുക്കമായി, വർക്കിംഗ് ഗ്രൂപ്പ് ക്രമത്തിൽ മുൻ പഞ്ചവത്സരപദ്ധതി കാലയളവിൽ കൈവരിച്ച നേട്ടങ്ങളുൾപ്പെടുത്തി അവസ്ഥാവിശകലനം നടത്തി ഒരു സ്റ്റാറ്റസ് റിപ്പോർട്ട് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കേണ്ടതും അതിനെ അവലംബമാക്കി ഭാവിയിൽ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ നിർണയിച്ച് അതിനുതകും വിധം പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ട് അച്ചടിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും പദ്ധതി ആസൂത്രണ വേളയിൽ പ്രസ്തുത റിപ്പോർട്ട് ഉപയോഗപ്പെടുത്തിയിട്ടില്ലെന്ന് തൻവർഷം രൂപീകരിച്ച പ്രോജക്ടുകളിൽനിന്ന് വ്യക്തമാണ്. സ്റ്റാറ്റസ് റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി നൂതനമോ മാതൃകാപരമോ ആയ ഒരു പ്രോജക്റ്റ് പോലും ആസൂത്രണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. നൂതനമായ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പതിവ് ശൈലിയിലുള്ള ആവർത്തന സ്വഭാവമുള്ള പ്രോജക്ടുകൾ പ്രോജക്ടുകൾ തന്നെയാണ് ഓഡിറ്റ് വർഷവും ആവിഷ്ക്കരിച്ചിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ, യോഗം ചേരുന്നതിലും പദ്ധതി രൂപീകരണ നിർവ്വഹണങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾനടത്തുകയോ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗങ്ങളിലും ക്വാറം തികയാത്തതായും, മിനുട്ട്സിൽ യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തി ക്ലോസ് ചെയ്യാത്തതായും കാണുന്നു. ഉദാഹരണം വിദ്യാഭ്യാസം, കലയും സംസ്കാരവും വർക്കിംഗ് ഗ്രൂപ്പ്, കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പ്. തീരപ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം ഗുരുതര പ്രശ്നമായി സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് സ്ഥായിയായ സംവിധാനങ്ങൾ ഒരുക്കാൻ ഗ്രാമപഞ്ചായത്തിന് ഇനിയും കഴിഞ്ഞിട്ടില്ല എന്ന് അന്തിമ പദ്ധതി രേഖയിലും പരാമർശിക്കുന്നുണ്ട്. എന്നാൽ കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിൽ ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുകയോ പദ്ധതി നിർദ്ദേശങ്ങൾ ഉണ്ടാവുകയോ ചെയ്തിട്ടില്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പദ്ധതികൾ (ഉറവിട മാലിന്യ സംസ്കരണം ഒഴികെ ) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുമില്ല.

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പാക്കിയ പ്രൊജക്ടുകളും ഇതിനായി വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയവയുടെ എണ്ണം | അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 16 | 9 | 29,70,062 | 12,05,364 | 40.58 |
| 2 | അസി. സെക്രട്ടറി | 10 | 7 | 13,35,000 | 6,83,178 | 51.17 |
| 3 | അസി.എഞ്ചിനീയർ | 70 | 26 | 2,32,38,178 | 49,76,367 | 21.41 |
| 4 | കൃഷി ഓഫീസർ | 6 | 4 | 30,90,033 | 16,03,041 | 51.88 |
| 5 | വെറ്ററിനറി സർജൻ | 4 | 3 | 8,85,500 | 5,31,000 | 59.97 |
| 6 | മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | 5 | 4 | 19,02,280 | 8,87,591 | 46.66 |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 5,50,000 | 5,39,603 | 98.11 |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 1,00,000 | 1,00,000 | 100 |
| 9 | ഹെഡ് മാസ്റ്റർ | 2 | 1 | 4,20,750 | 3,50,000 | 83.18 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 54,10,025 | 49,19,805 | 90.94 |
| 11 | വില്ലേജ് എക്സ്റ്റൻഷൻ | 11 | 9 | 72,53,060 | 22,97,550 | 31.68 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ | | | | | |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 5,50,000 | 5,36,245 | 97.49 |
| 13 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 4,90,000 | 4,90,000 | 100 |
| | ആകെ | 138 | 76 | 4,81,94,888 | 1,91,19,744 | 39.67 |

മേഖല തിരിച്ചുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | മേഖല | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം | പശ്ചാത്തലം | 2,03,17,520 | 43,25,335 | 21.29 |
| | സേവനം | 2,13,07,388 | 1,09,62,667 | 51.45 |
| | ഉല്പാദനം | 53,93,980 | 31,48,564 | 58.37 |
| പട്ടികജാതി വിഭാഗം | പശ്ചാത്തലം | - | - | - |
| | സേവനം | 11,65,000 | 6,83,178 | 58.64 |
| | ഉല്പാദനം | 11,000 | - | |

ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർ വർഷങ്ങളിൽ ലഭ്യമാവാത്തതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനും, പദ്ധതികൾ കാര്യക്ഷമവും ജനോപകാരപ്രദവുമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സമിതികളുടെ അടിയന്തിരശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 137135 | 594378 | 731513 | 452322 | 279191 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 7667802 | 7667802 | 7667802 | - |
| | 137135 | 8262180 | 8399315 | 8120124 | 279191 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49800 | 54 |
| കർഷകതൊഴിലാളി പെൻഷൻ | 2160000 | 410 |
| വിധവാപെൻഷൻ | 5953800 | 1082 |
| വാർദ്ധക്യകാലപെൻഷൻ | 9925200 | 1969 |
| വികലാംഗപെൻഷൻ | 1546200 | 287 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 554400 | 97 |
| വിവാഹ ധനസഹായം | 150000 | 5 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-03-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10794/-ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ കാര്യക്ഷമവും ഫലപ്രദവുമായ വിനിയോഗം ഉറപ്പുവരുത്തി സ്ഥാപനത്തിന്റെ ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാകണം. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാസംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും ആഭ്യന്തരനിയന്ത്രണ സംവിധാനം ഇനിയും കുറ്റമറ്റതാക്കേണ്ടതിന് കൂടുതൽ ശ്രദ്ധ ആവശ്യമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി ഡി.സി.ബി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയെങ്കിലും വാർഷികകണക്കിലേതുമായി പൊരുത്തപ്പെടുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റിന്റെയും, അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിന്റെയും സൂക്ഷിപ്പ് തൃപ്തികരമല്ല. ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ 2019-20 വാർഷികബജറ്റ് പാസ്സാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൂർണ്ണമായും പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച തുകയുടെവിനിയോഗം സംബന്ധിച്ച് എ.സി.ആർ ലഭ്യമല്ല. അസി.എഞ്ചിനീയരുടെ ഫയലിങ്ങ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവ കുറ്റമറ്റതാക്കേണ്ടതുണ്ട്. അസി.എഞ്ചിനീയർ പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മിക്ക പ്രൊജക്ടുകളുടെയും നിർവ്വഹണഘട്ടങ്ങൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് ചെയ്തതിന്റെ രേഖ ലഭ്യമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് ത.സ്വ.ഭ.സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10ലെ ജി.ഓ(പി)259/2010/ തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

1-10 സാംഖ്യരസീറ്റ് അപാകത തുടർനടപടി സ്വീകരിച്ചിട്ടില്ല

2019-20 വർഷത്തെ ഡേബുക്ക് പരിശോധിച്ചതിൽ 13.06.2019 ന് ഫ്രണ്ട് ഓഫീസിലെ കമ്പ്യൂട്ടറിന്റെ ബോർഡ് കേടായതു കാരണം സിസ്റ്റം മാറ്റി സേവനം പുനസ്ഥാപിച്ചതിലൂടെ ഡെബുക്ക് സീരിയൽ നമ്പർ മാറിയത് ശ്രദ്ധയിൽപെട്ടെന്നും 11.06.2019ന് അവസാനിച്ച 119010100536 ന് ശേഷം 13.06.2019ന് (12.06.2019ന് രസീറ്റ് ഇല്ല) 119190100004 മുതലാണ് രസീറ്റ് നമ്പർ അടിച്ച് കാണുന്നത് ആയത് പരിഹരിക്കുന്നതിന് ഐ.കെ.എം ന് പരാതി രജിസ്റ്റർ ചെയ്യുക എന്ന് സെക്രട്ടറി നോട്ട് എഴുതിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ആവശ്യപെട്ട് 08.03.21ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 04/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-11 കെട്ടിട നിർമ്മാണ നിയന്ത്രണം- പ്രധാന നിരീക്ഷണങ്ങൾ

## 1. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2019-20 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട "കെട്ടിടനിർമ്മാണ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ" പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. 2019-20 വർഷത്തിൽ ആകെ 220 അപേക്ഷകളാണ് (രജിസ്റ്റർ പ്രകാരം) ലഭ്യമായിട്ടുള്ളത്. ഇതിൽ 21 അപേക്ഷകൾ നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ളതാണ്.

അപേക്ഷ/ഫയൽ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിന്റെയോ, തിരികെ ലഭ്യമാകുന്നതിന്റെയോ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ പെർമിറ്റ് നൽകിയ തീയതിയോ, നിർമ്മാണം ക്രമവത്കരിച്ച

നൽകിയ തീയതിയോ പൂർത്തീകരിച്ച തീയതിയോ രേഖപ്പെടുത്തുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. 'Issued' അല്ലെങ്കിൽ Rejected എന്ന മാത്രം രേഖപ്പെടുത്തുന്ന രീതിയാണ് തുടർന്നു വരുന്നത്.

കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാൻ കഴിയുന്നില്ല.

## 2. <u>റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതും, അനധികൃത നിർമ്മാണ രജിസ്റ്റർ കാലാനുസൃതമാക്കാത്തതും</u>

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (സ.ഉ(പി)78/2019/തസ്വഭവ തീ. 2.11.2019) -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി വരുന്നത്. അനധികൃത നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ 2010-11 ന് ശേഷമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനും, അനധികൃത കെട്ടിടങ്ങളുടെ വിവരം കാലികമാക്കി സൂക്ഷിക്കാത്തതിനും മറുപടി നല്കേണ്ടതാണ്.

## <u>3. കെട്ടിട നിർമ്മാണ അനുമതി - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കപ്പെടുന്നില്ല</u>

കെട്ടിട നിർമ്മാണം നിയന്ത്രിക്കുക എന്നത് കേരള പഞ്ചായത്ത് രാജ് നിയമം 166(1)ാം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിലൊന്നാണ്. സ്ഥാപന പരിധിക്കുള്ളിലെ കെട്ടിടനിർമ്മാണം നിയമ വിധേയമാണോ, അനധികൃത നിർമ്മാണം നടക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ സാധ്യമാകുന്നത് ഫീൽഡ് തല പരിശോധനയിലൂടെയാണ്. സ്ഥാപനത്തിലെ ഓഫീസ് ഉത്തരവ് പ്രകാരം ഓരോ സെക്ഷനും അനുവർത്തിക്കേണ്ട ചുമതലകൾ നിർവചിച്ച് നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നൽകിയിട്ടുണ്ട്. വാർഡുകളുടെ ചുമതലയുള്ള ജീവനക്കാർക്ക് അതോടൊപ്പം തന്നെ അവരവരുടെ വാർഡിൽ നടക്കുന്ന അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യൽ , ലൈസൻസ് എന്നിവയുടെ അന്വേഷണം, പരാതികളിന്മേലുള്ള അന്വേഷണം എന്നിവ കൂടി നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവർക്കെതിരെ ഫീൽഡ്/വാർഡ് ക്ലർക്കുമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനു കെട്ടിടനിർമ്മാണ പെർമിറ്റ് കൈകാര്യം ചെയ്യുന്ന സെക്ഷന് (നിലവിൽ A3 സെക്ഷൻ) ചുമതല നൽകിയിട്ടുണ്ട്. എന്നാൽ ഫീൽഡ് ഡ്യൂട്ടിക്ക് ഉത്തരവാദിത്വമുള്ള വാർഡ് ക്ലാർക്കുമാർ അനധികൃതനിർമ്മാണം സംബന്ധിച്ച റിപ്പോർട്ട് നല്കുന്നതായി കാണുന്നില്ല. കെട്ടിടനിർമ്മാണം ഉൾപ്പടെ ഫീൽഡിൽ നടക്കുന്ന നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട പ്രാഥമിക ഉത്തരവാദിത്തം നിറവേറ്റുന്നതിന് പകരം നികുതി പിരിവ് , പരാതികളിന്മേൽ അന്വേഷണം തുടങ്ങിയ ചുമതലകൾ മാത്രമായി പലപ്പോഴും ഫീൽഡ് സന്ദർശനം ഒതുങ്ങിപ്പോകുന്നു. പെർമിറ്റ് രജിസ്റ്റർ പ്രകാരം ക്രമവൽകരണ ഇനത്തിൽ 21 കെട്ടിടങ്ങൾ മാത്രമേ തൻവർഷം ഉൾപ്പെട്ടിട്ടുള്ളൂ. ഈ ഇനത്തിലെ തൻവർഷ വരവ് 3466/- രൂപ മാത്രമാണ്. വാർഡു ക്ലാർക്കുമാരുടെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്തതിന്റെ രേഖകളൊന്നും ഹാജരാക്കിയില്ല. ജോലി വിഭജനമനുസരിച്ചുള്ള കൃത്യനിർവ്വഹണം അതത് ഉദ്യോഗസ്ഥർ നടത്തുന്നുണ്ടോയെന്ന് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തിയതായും കാണുന്നില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ 2010-11 വർഷത്തിൽ 4 അനധികൃത നിർമാണം മാത്രമാണ് രേഖപ്പെടുത്തിയത്. തീരദേശനിയന്ത്രണ മേഖല(CRZ) , നെൽവയൽ, തണ്ണീർതടങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രദേശമാകയാൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ലംഘനം , CRZ നിയമ ലംഘനം, നെൽവയൽ/തണ്ണീർത്തട നിയമലംഘനങ്ങൾക്ക് സാധ്യത നിലനിൽക്കുന്നു. പഞ്ചായത്തിലെ പരാതിഫയൽ പരിശോധിച്ചതിൽ, ചുറ്റുമതിൽ മിർമ്മാണം, കിണർ/കുഴൽ കിണർനിർമ്മാണം തുടങ്ങി അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നുംലഭിക്കുന്ന പരാതികൾ, സൂചനയായി പരിഗണിക്കേണ്ടതുണ്ട്. ഇതിനാൽ

തുടർവർഷങ്ങളിലെ വിവരംപരിശോധിച്ച് ആയവ ഉൾപ്പെടുത്തി രജിസ്റ്റർ കാലാനുസൃതമാക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമുണ്ട്.

23.12.2019 -ൽ ബഹു. കോഴിക്കോട് നഗരാസൂത്രകന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ CRZ നിയമലംഘിച്ച് നിർമ്മാണം പൂർത്തിയാക്കിയതും, യാതൊരുവിധ തുടർനടപടിയും സ്വീകരിക്കാത്തതുമായ 266 കെട്ടിടങ്ങൾ നിലവിലുണ്ട്. ഇവയിൽ 244 കെട്ടിടങ്ങൾക്ക് താൽക്കാലിക നമ്പർ നൽകിയിട്ടുമുണ്ട്. ഇത് ചേർത്ത് വായിക്കുമ്പോൾ അനധികൃത നിർമ്മാണം സംബന്ധിച്ച് കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്ന് കാണാം. അനധികൃതമായി നിർമ്മാണം സംബന്ധിച്ച പരാതികൾ ലഭിച്ചതിനെ തുടർന്ന് ശ്രദ്ധയിൽപ്പെട്ട ഏതാനും നിർമ്മാണങ്ങൾ നിലവിൽ സ്ഥാപനത്തിലുണ്ട്. ഇപ്രകാരമുള്ള അനധികൃത കുഴൽകിണറുകളുടെ നിർമ്മാണത്തിന്റ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

## അനധികൃത കുഴൽ കിണർ നിർമ്മാണം

ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ പരാതി സംബന്ധമായ ഫയൽ പരിശോധിച്ചതിൽ, 9-ാം വാർഡിൽ മണിയോത്ത് ഗംഗാധരൻ എന്നവർ തന്റെ ഉടമസ്ഥതയിലുള്ള മണിയോത്ത് ബിൽഡിംഗിലെ 7, 8, 10, 539 കെട്ടിട നമ്പറിലുള്ള ലൈൻ മുറികളിലെ താമസക്കാർക്കു വേണ്ടി ഓരോ മുറിക്കും ഓരോ കുഴൽകിണർ കുഴിക്കുന്നതിന് പ്രവൃത്തി ആരംഭിച്ചു. ഇതിന് ബന്ധപ്പെട്ട അധികാരികളുടെ അനുവാദം വാങ്ങിയിരുന്നില്ല. അയൽവാസിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, രണ്ട് കിണറുകളുടെ നിർമ്മാണം പൂർത്തിയായി നാല് മോട്ടോറുകൾ ഘടിപ്പിച്ചതിനു ശേഷം പ്ലംബിംഗ് പ്രവൃത്തി നടന്നുവരികയാണ് എന്ന് സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നു. തുടർന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഗംഗാധരൻ എന്നവർക്ക് അയച്ച ബി2-1530/19 തീ. 15.03.2019 നം. കത്തിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ , ചട്ടം 91 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അനുമതി കൂടാതെ കിണർ/കുഴൽകിണർ കുഴിക്കാൻ പാടില്ല. കുഴൽ കിണറുകളുടെ കാര്യത്തിൽ പെർമിറ്റ് നൽകുന്നതിനു മുമ്പ് ഭൂഗർഭ ജല വിഭാഗത്തിൽ നിന്ന് NOC വാങ്ങിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഭൂജല ക്ലിയറൻസ് സർട്ടിഫിക്കറ്റും അനുവദിച്ചിട്ടില്ല എന്ന് ഭൂജല വകുപ്പ് ജില്ലാ ഓഫീസർ GW/Kkd/T. 578/2019 തീ. 28.02.2019 കത്ത് പ്രകാരം അറിയിച്ചിട്ടുമുണ്ട്. ഇതിനെ തുടർന്ന് സെക്രട്ടറി B2-1530/19 തീ. 15.03.2019 നം. കത്ത് പ്രകാരം കുഴൽകിണർ നിർമ്മാണം നിർത്തി വെയ്ക്കുന്നതിനായി നോട്ടീസ് നല്കിയിട്ടുണ്ട്.

## ഗ്രാമപഞ്ചായത്തിന്റെ അനധികൃത കെട്ടിടം

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ SGRY പദ്ധതിയിൽ ഉൾപ്പെടുത്തി 2003-04 വർഷത്തിൽ നിർമ്മിച്ചിട്ടുള്ള നിലവിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ളതുമായ കണ്ണൂക്കര ടൗണിൽ പണിത ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമുള്ളതിനാൽ നിലവിലും ഉപയോഗരഹിതമായി തുടരുകയാണ്. സെക്രട്ടറിയുടെ അധികാര പരിധിക്കപ്പുറമുള്ളതും 31.07.2007 വരെ നിർമ്മിച്ചതുമായ അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയിന്മേൽ തീരുമാനമെടുക്കേണ്ടത് സർക്കാർ രൂപീകരിക്കുന്ന സമിതിയാണ്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി, അനധികൃത നിർമ്മിതികൾ സംബന്ധിച്ചുള്ള പരിശോധനാ റിപ്പോർട്ടുകൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(12/2019-20 തീ. 12.03.2021) മറുപടി നൽകുകയോ ഫീൽഡ് പരിശോധന റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിയമ ലംഘനം നടത്തി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിനും, ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനമൊരുക്കേണ്ടതാണ്. കൂടാതെ, അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധന നടത്തുന്ന സമയത്ത് 60m$^2$ കുറവായതിനാൽ വസ്തുനികുതി ചുമത്തിയിട്ടില്ലാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ ഇത്തരം കെട്ടിടങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഇവയിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെങ്കിൽ അത്തരം കെട്ടിങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതുമാണ്.

## 1-12 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 7 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ

മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

## 1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 2019-20 വർഷത്തിൽ ഗ്രാമ 652 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 43 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്.

## 2)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനിൽക്കുന്നു

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ 2374 കെട്ടിടങ്ങൾ പാർപ്പിടേതര ഗണത്തിൽ നികുതി നിർണയിക്കപ്പെട്ടിട്ടുള്ളതാണ്. വേക്കൻസി റമിഷൻ പ്രകാരമുള്ള 69 കെട്ടിടങ്ങൾ പരിഗണിക്കുമ്പോൾ 2305 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ2019-20 വർഷം ഗ്രാമ പഞ്ചായത്തിൽ 652 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീസിന്റെ തൻവർഷത്തെ ഡിമാന്റ് രജിസ്റ്റർപ്രകാരം 652 അപേക്ഷകർ മാത്രമാണുള്ളത്. 2017ൽ കേരള പഞ്ചായത്ത് രാജ് (അപകടകരമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങൾ പരിഷ്കരിച്ചതിനാൽ ഗണ്യമായ വരുമാനവർദ്ധനവ് ഈയിനത്തിൽ ഉണ്ടാകേണ്ടതായിരുന്നുവെങ്കിലും 63,550/- രൂപയാണ് തൻവർഷം ഈയിനത്തിൽ ലഭ്യമായിട്ടുള്ളത്.

നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. അങ്ങിനെയാണെങ്കിൽ ഇത് കാരണം ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനത്തിന്റെ നല്ലൊരു ഭാഗം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. സ്ഥാപനത്തിലെ ഓഫീസ് ഉത്തരവ് പ്രകാരം ഓരോ സെക്ഷനും അനുവർത്തിക്കേണ്ട ചുമതലകൾ നിർവചിച്ച് നൽകിയിട്ടുണ്ട്. വാർഡുകളുടെ ചുമതലയുള്ള ജീവനക്കാർക്ക് അതോടൊപ്പം തന്നെ അവരവരുടെ വാർഡിൽ നടക്കുന്ന അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യൽ , ലൈസൻസ് എന്നിവയുടെ അന്വേഷണം, പരാതികളിന്മേലുള്ള അന്വേഷണം എന്നിവ കൂടി നൽകിയിട്ടുണ്ട്. എന്നാൽ ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ കണ്ടെത്തിയതായിട്ടുള്ള റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള പരിശോധനകൾ വാർഡുതലത്തിൽ നടത്തുന്നുണ്ട് എന്നത് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. പ്രാദേശികപരിശോധനയിലൂടെ കൃത്യമായ ഡിമാന്റ് നിർണയിച്ച് വരുമാനനഷ്ടം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3. വാർഡ് തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലാനുസൃതമാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. 1, 2, 3, 17 വാർഡുകളുടേത് ഒഴികെ വാർഡ്തല ട്രേഡേഴ്സ് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഈ രജിസ്റ്ററുകൾ പുതിയ വിവരങ്ങൾ ഉൾപ്പെടുത്തി കാലാനുസൃതമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/2019-20 തീ. 12.03.2021) നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്നും, വാർഡ്തല പരിശോധന നടത്തി ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് അതത് വാർഡ് ചുമതലയുള്ള ക്ലാർക്കുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നും 15.03.2021 ന് സമർപ്പിച്ച മറുപടിയിൽ അറിയിച്ചു. എല്ലാ വർഷവും സ്ഥാപനങ്ങൾ

ആരംഭിക്കുന്നപക്ഷം ഇത്തരം സ്ഥാപനങ്ങൾ കൂടി ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

## 1-13 കാർഷികമേഖലയിൽ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രൊജക്ടുകൾ ആസൂത്രണം ചെയ്യപ്പെടുന്നില്ല.

2017-18 മുതൽ 2021-2022 വരെയുള്ള 13ാം പഞ്ചവത്സരപദ്ധതി കാലയളവിൽ , ഓഡിറ്റ് വർഷം വരെ, കാർഷിക മേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുകളിൽ, തെങ്ങുകൃഷി, ഇടവിളകൃഷി, വാഴകൃഷി വികസനത്തിന് മുൻതൂക്കം നല്കിക്കൊണ്ടുള്ള പ്രൊജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മുഖ്യകൃഷി, വിപണന സൗകര്യം എന്നിവ പരിഗണിച്ചുകൊണ്ട് നടപ്പാക്കേണ്ട പ്രൊജക്ടുകളാണിവയെങ്കിലും, പദ്ധതി മാർഗ്ഗരേഖയിൽ കാർഷിക മേഖലയിൽ ലക്ഷ്യമാക്കിയ സമഗ്ര വികസനത്തിന് മതിയാകുന്നതല്ല. ജലസേചന സൗകര്യം വർധിപ്പിക്കുന്നതിന് ഈ കാലയളവിൽ ഒരു പ്രൊജക്ട് മാത്രമാണ് ആസൂത്രണം ചെയ്യപ്പെട്ടത് (2018-19 ലെ പ്രൊജക്ട് നം.26/19). പദ്ധതിമാർഗ രേഖയിൽ, നെൽവയൽ വിസ്തൃതി 4 ഹെക്ടറായി ചുരുങ്ങിയത് വ്യക്തമാക്കിയെങ്കിലും നെൽകൃഷി പുനരുജ്ജീവനത്തിന് പദ്ധതികളൊന്നും ആസൂത്രണം ചെയ്യപ്പെട്ടിട്ടില്ല. പ്രധാനകൃഷി എന്ന നിലയ്ക്ക് തേങ്ങ ഉൽപാദനത്തിനും ഇടവിളകൃഷി പ്രോൽസാഹനത്തിനും എല്ലാവർഷവും പ്രൊജക്ടുകൾ നടപ്പാക്കാറുണ്ടെങ്കിലും പ്രൊജക്ട് നിർവ്വഹണമോ ഭൗതിക നേട്ടങ്ങളോ കൃത്യമായി മോണിറ്ററിങ് നടത്താറില്ല. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ വൻ ജനപങ്കാളിത്തത്തോടെയുള്ള ശ്രമങ്ങൾ ആവശ്യമാണെന്നും ഭൂഗർഭജലവിതാനം ഉയർത്തി പഞ്ചായത്തിലെ കുളങ്ങളും തോടുകളും ജലസമൃദ്ധമാക്കിയാൽ കാർഷിക മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കാൻ കഴിയുമെന്നും പദ്ധതി മാർഗരേഖയിൽ വിശദമാക്കിയെങ്കിലും ആയതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നില്ല. ജലസേചന സൗകര്യകുറവ് പരിഹരിക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. 2019ലെ അവസ്ഥാവിശകലന രേഖ പ്രകാരം, ആകെ 833 ഹെക്ടർ ഭൂവിസ്തൃതിയിൽ 760 ഹെക്ടറാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. 14ഹെക്ടർ തരിശുഭൂമിയിൽ 12 ഹെക്ടർ കൃഷിയോഗ്യമാണ്. 1 സർക്കാർ കനാൽ, 3800 പൊതുകിണറുകൾ, 8 പൊതുകുളങ്ങൾ, 12 തോടുകൾ എന്നിവ ജലസേചന സൗകര്യ വർദ്ധനവിന് ഉപയോഗപ്പെടുത്താനുള്ള പഠനങ്ങൾ നടത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കാവുന്നതാണെങ്കിലും വർക്കിങ് ഗ്രൂപ്പിൽ നിന്നും അത്തരം ആശയങ്ങൾ ചർച്ചചെയ്യപ്പട്ടതിന്റെ അടിസ്ഥാനത്തിലുള്ള പ്രൊജക്ടുകൾ , തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രൊജക്ടുകൾ എന്നിവ ആസൂത്രണം ചെയ്യപ്പെട്ടതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലെ വികസന ലക്ഷ്യങ്ങളും പ്രൊജക്ട് ആശയങ്ങളും എന്ന ഭാഗത്ത് 2017-18 ൽ കൃഷിഭവന് പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് കെട്ടിടനിർമ്മാണം ലക്ഷ്യമിട്ടെങ്കിലും ഓഡിറ്റ് വർഷവും പ്രൊജക്ട് വച്ചിട്ടില്ല. (2021-2022 വർഷമാണ് 20 ലക്ഷം തനത്ഫണ്ട് വകയിരുത്തികൊണ്ടുള്ള 76/22 നമ്പരായുള്ള പ്രൊജക്ട് ഡി.പി.സി.ക്ക് അംഗീകാരത്തിന് സമർപ്പിച്ചതായി കാണുന്നത്.) നിലവിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള XV/282 നമ്പർ വാടക കെട്ടിടത്തിലാണ് കൃഷിഭവൻ പ്രവർത്തിച്ച വരുന്നത്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള അഴിയൂർ ബ്രാഞ്ച് കനാലിൽ വർഷങ്ങളായി ജലലഭ്യത ഇല്ലാത്തത് കൃഷിക്ക് ജലലഭ്യത കുറച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. കാർഷിക ഉൽപ്പന്നങ്ങളുടെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിന് 2017-18ൽ ഒരു പ്രൊജക്ട് മാത്രമാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്. കൃഷി വർക്കിങ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ 2019-20ൽ 3 പ്രാവശ്യം മാത്രമെ യോഗം ചേർന്നിട്ടുള്ളൂ. മുൻവർഷങ്ങളിലെ പ്രൊജക്ടുകളല്ലാതെ നൂതനമായ പ്രൊജക്ടുകളൊന്നും ശുപാർശ ചെയ്യപ്പെട്ടിട്ടില്ല. മാത്രമല്ല നടപ്പാക്കിയ പ്രൊജക്ടുകളുടെ മോണിറ്ററിങ് സംബന്ധിച്ച ചർച്ച നടത്തിയതായും കണ്ടില്ല. കാർഷിക മേഖലയിൽ സമഗ്രമായ വികസനം ഉറപ്പുവരുത്തി പ്രാദേശിക സാമ്പത്തിക വളർച്ച നേടുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഫലപ്രദമായ മോണിറ്ററിങ് സംവിധാനം ഉറപ്പുവരുത്തുന്നതിനും ബോധപൂർവ്വമായ ശ്രമം ഉണ്ടാകേണ്ടതുണ്ട്.

പദ്ധതിരേഖയിൽ ലക്ഷ്യമിട്ടപ്രകാരം , കാർഷിക മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്യപ്പെടാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 മരാമത്ത് പ്രൊജക്ടുകൾ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതും മറ്റ് അപാകതകളും

ഓഡിറ്റ് വർഷം ആകെ 138 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ, പകുതിയോളം (70എണ്ണം) മരാമത്ത് മേഖലയിലാണ്. 40പുതിയ പ്രൊജക്ടുകളിൽ 11 എണ്ണത്തിലും 30 സ്പിൽ ഓവർ പ്രൊജക്ടുകളിൽ 14 എണ്ണത്തിലും മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. തൻവർഷം തുകയൊന്നും ചെലവഴിക്കാത്ത ആകെ 62 പ്രൊജക്ടുകളിൽ 71 ശതമാനവും (44എണ്ണം) മരാമത്ത് പ്രൊജക്ടുകളാണ്. കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംരക്ഷണഗ്രാന്റ്, തനത് ഫണ്ട് എന്നിവയാണ് മരാമത്ത് മേഖലയിലെ പ്രൊജക്ടുകൾക്കായി പ്രധാനമായും വകയിരുത്തിയത്. (വികസനഫണ്ട്

(പൊതു) 1 ലക്ഷം മാത്രമെ വകയിരുത്തിയിട്ടുള്ളു.) തൻവർഷം വിനിയോഗം കുറഞ്ഞത് കാരണം, ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംരക്ഷണഗ്രാന്റിനത്തിൽ തുക ലാപ്സായതിന്റെ പ്രധാന കാരണം മരാമത്ത് മേഖലയിലെ പ്രൊജക്ടുകളിലെ വിനിയോഗം കുറഞ്ഞതിനാലാണ്. തൻവർഷത്തെ 40 പുതിയ പ്രൊജക്ടുകളിൽ 30 എണ്ണത്തിൽ മാത്രമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഇതിൽത്തന്നെ 5 എണ്ണത്തിൽ സാമ്പത്തികവർഷാവസാനം മാർച്ച് 20 നാണ് എഗ്രിമെന്റ് വച്ചത്. ഗ്രാമപഞ്ചായത്തിന്റെ 19-20 വാർഷിക പദ്ധതികൾക്ക് 31.12.2018ൽ തന്നെ ഡി.പി.സി അംഗീകാരം ലഭിച്ചിട്ടും (ഉത്തരവ് നം. 64444750/2019/ഡിപിസി/ഡിപിഓ/കെകെ.ഡി തീയതി 31.12.2018) നിർവ്വഹണവും ഫണ്ട് വിനിയോഗവും കുറഞ്ഞതിന്റെ കാരണം വ്യക്തമല്ല.

പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് 2019-20 വാർഷികപദ്ധതി രൂപീകരണയോഗത്തിൽ നടപ്പാക്കേണ്ട മരാമത്ത് പദ്ധതികൾ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 കാലത്ത് ചേർന്ന 4 വർക്കിങ്ങ് ഗ്രൂപ്പ് യോഗത്തിലും പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്ററിങ്ങ് സംബന്ധിച്ച് ചർച്ച നടത്തിയതായി കാണുന്നില്ല. 2019-20സ്റ്റാറ്റസ് റിപ്പോർട്ടിലെ വികസന പരിപ്രേക്ഷ്യത്തിൽ സുരക്ഷിതവും സൗകര്യപ്രദവുമായ റോഡുകൾ 13ാം പഞ്ചവത്സരപദ്ധതിക്കാലത്ത് നിലവിലെ 50 എണ്ണത്തിൽ നിന്ന് 100 എണ്ണം എന്ന രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിരേഖ പ്രകാരം മരാമത്ത് മേഖലയിൽ പദ്ധതിലക്ഷ്യം നേടുന്നതിന് പ്രൊജക്ടുകൾ സമയബന്ധിതമായി തീർക്കേണ്ടതുണ്ട്. തൻവർഷം മരാമത്ത് മേഖലയിലെ ഭൂരിഭാഗം പ്രൊജക്ടുകളുടെയും നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ് സൊസൈറ്റിയെയാണ് മുഖേനയാണ് വിഭാവനം ചെയ്തത്. മരാമത്ത് പ്രൊജക്ടുകളുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തിപൂർത്തീകരണകാലാവധി രേഖപ്പെടുത്തുന്നില്ല. കരാറുകാരനുമായി ഉണ്ടാക്കിയ എഗ്രിമെന്റ് ലെ 12ാം നമ്പർ കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി എഗ്രിമെന്റ് തീയ്യതി മുതൽ ആരംഭിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ തീയതി, സാങ്കേതികാനുമതിയിലോ എഗ്രിമെന്റ് രജിസ്റ്ററിലോ രേഖപ്പെടുത്തുന്നില്ല. പ്രൊജക്ട് റിപ്പോർട്ടിലും പ്രവർത്തനകലണ്ടർ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പി.ഡബ്ള്യൂ ഡി മാന്വൽ സെക്ഷൻ2112 പ്രകാരം, പൂർത്തീകരണകാലാവധി ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ നിരീക്ഷിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.
2. കരാറുകാരന് സൈറ്റ് കൈമാറ്റ രേഖ നല്കിയതിന്റെ വിവരം ഫയലിൽ ഇല്ല.
3. സൈറ്റ് പ്ലാൻ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. എം.ബുക്കിൽ മെമ്മോ ഓഫ് പേയ്മെന്റ് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാ - എ. പ്രൊജ. നം.121/20(സ്പിൽ ഓവർ)എൻ.പി റോഡ് മുതൽ എൻ.എച്ച് റോഡ് വരെ കോൺക്രീറ്റിങ്ങ് (എം.ബുക്ക് നം 34/19-20) ബി.പ്രൊജ. നം.104/20(സ്പിൽ ഓവർ) വൈദ്യർമുക്ക് - സ്വാമിമഠം റോഡ് ടാറിങ്ങ്(എം.ബുക്ക് നം. 100/17-18) സി.പ്രൊജ. നം. 91/20 (സ്പിൽ ഓവർ) ഒഞ്ചിയം വെള്ളികുളങ്ങര പി.ഡബ്ല്യൂ.ഡി റോഡ് - താഴെ പുതിയോട്ടിൽ റോഡ് (എം.ബുക്ക് നം.122/17-18)

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>1-15 കറവ പശുക്കൾക്ക് കാലിത്തീറ്റ – ക്ഷീരസഹകരണ സംഘം മുഖേന വിതരണം ചെയ്യാത്തത് കാരണം, ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കാനായില്ല.</u>

പ്രൊജ. നം. 30/20

ചെലവ് ആകെ 403500/-

(187500(വികസന ഫണ്ട്) - ബിൽ നം. 3,4/5.3.2020, 5/20.3.2020 + 2,16000/- (ഗു.വിഹിതം) ചെക്ക്നം.5018509/20.2.2020, 5018506/6.2.2020, 5795102/6.10.2020)

250000 വികസനഫണ്ടും 425000 ഗു.വിഹിതവും വകയിരുത്തിക്കൊണ്ട് നടപ്പാക്കിയ പ്രൊജക്ട് പ്രകാരം, 3 മാസത്തേക്ക് 2 ചാക്ക് കാലിത്തീറ്റ എന്ന തോതിൽ ആകെ 6 ചാക്ക് കാലിത്തീറ്റ കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്ന് വാങ്ങി 50 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വകയിൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ 3 ഇൻവോയ്സുകൾ പ്രകാരം ആകെ 403500 രൂപ ചെലവഴിച്ചിട്ടുണ്ട്. തൻ വർഷം3,31500രൂപ യും (187500 വികസന ഫണ്ട് + 144000ഗു.വിഹിതം) ഗുണഭോക്തൃ വിഹിതമിനത്തിൽ ബാക്കി നല്കാനുള്ള 72000/- 2020-21 ൽ ചെക്ക് നം. 5795102/6.10.2020 പ്രകാരവും നല്കിയിട്ടുണ്ട് (സ്പിൽ ഓവർ പ്രൊജക്ട് നം-149/21). 13ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ, സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയ്യതി 14.2.18 പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തേണ്ടത്. എന്നാൽ ആയത് പ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ

ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സംഘങ്ങളിൽ പാൽ അളക്കുന്നതിന് ആനുപാതികമായി അർഹതപ്പെട്ട ഗുണഭോക്താവിനു തന്നെ സബ്സിഡി ലഭ്യമായതായി ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 187000/- (വികസന ഫണ്ട്) തടസ്സത്തിൽ വെക്കുന്നു.

1-16 സ്ട്രീറ്റ്ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഓഡിറ്റ് വർഷം സ്ട്രീറ്റ്ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ താഴെ പ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തിയ്യതി | തുക |
|---|---|
| 51900061/26.04.2019 | 26688 |
| 51900134/28.05.2019 | 26688 |
| 51900213/24.06.2019 | 26688 |
| 51900266/17.07.2019 | 26688 |
| 51900345/21.08.2019 | 26688 |
| 51900417/18.09.2019 | 26688 |
| 51900515/24.10.2019 | 26688 |
| 51900590/21.11.2019 | 26688 |
| 51900684/24.12.2019 | 26688 |
| 51900759/28.01.2020 | 26688 |
| 51900851/28.02.2020 | 26688 |
| 51900935/19.03.2020 | 26688 |
| ആകെ | 320256 |

തുക നൽകിയതുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1. വാട്ടർചാർജ്ജ് രജിസ്റ്ററിൽ മാസം തോറും അടക്കുന്ന തുക മാത്രമാണ് രേഖപെടുത്തിയത്. ജി.ഒ (ആർ.ടി) 2242/2011/തസ്വഭവ 28-9-11 ഉത്തരവ് പ്രകാരം സംയുക്ത പരിശോധന നടത്താത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിക്ക് രേഖാമൂലം കത്ത് നൽകണം അപ്രകാരം 15.11.2017ലെ സെക്രട്ടറിയുടെ എ4/5811/17നമ്പർ കത്ത് അസിസ്റ്റൻെറ് എൻഞ്ചിനിയർ, KWA വടകരയ്ക്ക് 27.11.2017ന്സംയുക്ത പരിശോധന നടത്താൻ ആവശ്യമായനടപടി സ്വീകരിക്കുവാൻ കത്ത് നൽകിയിട്ടുണ്ട് എന്നാൽ നാളിതവരെ ആയത് നടപ്പിലായിട്ടില്ല.

2. ടാപ്പുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും, പ്രവർത്തിക്കുന്ന ടാപ്പുകൾ എത്രയുണ്ടെന്നും സ്ട്രീറ്റ്ടാപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. സ്ട്രീറ്റ് ടാപ്പുമായി ബന്ധപെട്ട ഫയൽ കൃത്യമായി സൂക്ഷിക്കുന്നില്ല. വിശദമായ നോട്ട് ഫയൽ എഴുതി സൂക്ഷിക്കുന്നില്ല. 15.11.2017ന് ശേഷം ഫയലിൽ സ്വീകരിച്ച നടപടികൾ ലഭ്യമല്ല.

അപാകതയ്ക്ക് മറുപടി നൽകുവാനും സംയുക്ത പരിശോധന നടപ്പാക്കാത്തതിന് വിശദീകരണം ആവശ്യപെട്ട് 11.03.21ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 14/19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6ൽ സമാന രീതിയിലുള്ള അപാകത പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ പരിഹരിച്ചിട്ടില്ലാത്തത് ജീവനക്കാരുടെയും ഭരണസമിതിയുടെയും ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

1-17 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വിതരണം-അപാകത

പ്രൊജക്ട് നമ്പർ എസ്.ഓ 042/20

നിർവ്വഹണ ഉദ്ദ്യോഗസ്ഥൻ- എസ്.ഐ ഓഫ് ഫിഷറീസ്

അടങ്കൽ 1,50,000/- ചെലവ് 1,37,445/-

ബിൽ നമ്പർ 01/19-20 തീയ്യതി 13.11.2019

പ്രൊജക്റ്റ് ഫയലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ 5 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തിട്ടുണ്ട് എന്നാൽ ആനുകൂല്യം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രം എന്ന നിബന്ധന പാലിക്കപ്പെടുന്നതിന് പ്രസ്തുത വിദ്യാർത്ഥികളിൽ നിന്ന് മറ്റ് സർക്കാർ ഏജൻസികൾ/ വകുപ്പുകളിൽ നിന്നും ലാപ്ടോപ്പ് ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിതരണം ചെയ്ത ലാപ്ടോപ്പുകൾ വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങശ്യങ്ങൾക്ക് ഉതകുന്നതാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്പെസിഫിക്കേഷൻ, ബന്ധപ്പെട്ട സാങ്കേതികവിദഗ്ദരാൽ തയ്യാറാക്കപെട്ടതായി കാണുന്നില്ല. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്നവർ ഉൾപ്പെടെയുള്ളവർക്ക് ഒരേ സ്പെസിഫിക്കേഷനിലുള്ള ലാപ് ടോപ്പുകൾ വിതരണം ചെയ്തതിനാൽ ആയത് എത്രത്തോളം പഠനാവശ്യങ്ങൾക്ക് ഉപകരിക്കപ്പെടും എന്ന് വ്യക്തമല്ല.

അപാകതയ്ക്ക് മറുപടി ആവശ്യപെട്ടു 08.03.21ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 02 /19-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവു തുക 137445/- തടസ്സത്തിൽവെക്കുന്നു.

## 1-18 മാലിന്യ സംസ്കരണം- പദ്ധതികൾ നടപ്പാക്കിയില്ല

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക എന്നത് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെയും മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നും പ്രവർത്തിക്കേണ്ടതുണ്ട്.

സ. ഉ 11/2018/തസ്വഭവ തീ. 29.01.2018 ഖ. 7.1.6(സി).1 പ്രകാരം, ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുനഃചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. എല്ലാ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം വികസനഫണ്ടിലെ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രൊജക്ടുകൾക്ക് വകയിരുത്തണം.

2019-20 വർഷത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി ബഡ്ജറ്റിൽ 16,30,3000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണത്തിനായി വി.ഇ.ഒ നടപ്പാക്കിയ 3 പദ്ധതികൾ മാത്രമാണ് തൻവർഷം ഈ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളൂ. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ഫണ്ടിനം |
|---|---|---|---|---|
| 27 | പോർട്ടബിൾ ബയോ കമ്പോസ്റ്റർ ബിൻ | 125250 | 0 | വികസനഫണ്ട് (ജനറൽ) |
| | | 4350 | 4350 | തനത്ഫണ്ട് |
| | | 14400 | 14400 | മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം) |
| 36 | റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് | 180000 | 0 | വികസനഫണ്ട് (ജനറൽ) |
| | | 20000 | 20000 | വികസനഫണ്ട് (ജനറൽ) |
| 37 | ബയോഗ്യാസ് | 214500 | - | വികസനഫണ്ട് (ജനറൽ) |
| | | 21750 | 21750 | തനത്ഫണ്ട് |
| | | 26250 | 26250 | മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം) |

ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് സ്ഥായിയായ സംവിധാനങ്ങൾ ഒരുക്കാൻ ഇനിയും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നും ഇത് സംബന്ധിച്ച് ഗൗരവതരമായ ആലോചനകൾ നടക്കേണ്ടതായിട്ടുണ്ട് എന്ന് ഗ്രാമ പഞ്ചായത്തിന്റെ തന്നെ പദ്ധതി രേഖയിൽ പരാമർശിക്കുന്നുണ്ട്. 2019-20 വർഷത്തിൽ ഈയൊരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

## മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചില്ല

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് ആയതിൽ ഉചിതമായ മാറ്റം വരുത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എം.സി. എഫ് സെന്റർ ഗ്രാമപഞ്ചായത്ത് സ്ഥാപിച്ചിട്ടില്ല. നിലവിൽ ഗ്രാമപഞ്ചായത്തിന്റെ തന്നെ പഴയ ഓഫീസ് കെട്ടിടം പ്ലാസ്റ്റിക് ശേഖരണത്തിനായി താത്കാലികമായി ഉപയോഗിച്ച വരുന്നതായും സംഭരിക്കുന്ന പ്ലാസ്റ്റിക്കുകൾ സൂക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിനായും സംവിധാനങ്ങളൊന്നും നിലവിലില്ല. മാലിന്യ സംസ്കരണത്തിനായി സ്ഥലം ഏറ്റെടുക്കുകയോ കലക്ഷൻ/റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സുസ്ഥിര മാലിന്യ സംസ്കരണത്തിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും, സർക്കാർ നിർദ്ദേശ പ്രകാരം മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്. ഇതോടൊപ്പം തന്നെ വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

## 1-19 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക -ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല

വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുള്ള ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടുകൾ പൂർണ്ണമായി ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| Contribution For Joint Venture Projects<br>(Capital Expenditure) – Block Panchayath | 50,000 |
| Contribution For Joint Venture Projects<br>(Revenue Expenditure) – Block Panchayath | 5,61,492 |
| Contribution For Joint Venture Projects<br>(Capital Expenditure) – District Panchayath | 2,20,000 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം സംയുക്ത പ്രൊജക്ടിനായി വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ച നൽകേണ്ടതുമാണ്.
2. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് തിരിച്ച് അടയ്ക്കേണ്ടതുമാണ്.

സംയുക്ത പ്രൊജക്ടിനായി ലഭിച്ചിട്ടുള്ള തുകകൾ സർക്കാർ നിർദ്ദേശ പ്രകാരം തിരികെ അടവാക്കേണ്ടതാണ്.

## 1-20 മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചില്ല

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച അപാകതകൾ പൂർണ്ണമായും പരിഹരിച്ചില്ലെന്ന് ഈ വിഷയങ്ങളിലെ നിലവിലെ അവസ്ഥ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നു.വിശദവിവരങ്ങൾക്ക് ഈ

ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4-10 കാണുക.

15.02.2020-ലെ കെ.എസ്.എ.കെ.കെ.ഡി/പി6/189/2020 നമ്പർ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-1 മുതൽ 1-20 വരെയുള്ള ആകെ 20 ഖണ്ഡികകളിൽ 1-1 മുതൽ 1-7 വരെയുള്ള 7 അപ്രധാന ഖണ്ഡികൾ മാത്രമാണ് പ്രഥമ മറുപടിയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കിയത്. 24.02.2020ന് ഗ്രാമപഞ്ചായത്തിന് ലഭിച്ച ഓഡിറ്റ് റിപ്പോർട്ട് (എ4/978/20 തപാൽ നമ്പർ) തുടർന്ന് നടന്ന 28.02.2020, 10.03.2020 ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്തിട്ടില്ല. 13.03.20ലെ ഭരണസമിതിയുടെ 7/50/20 നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്തതായും തയ്യാറാക്കിയ (എ4/978/20 തീയതി 10.06.20) പ്രഥമമറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുകയും ചെയ്തു.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം സ്ഥാപനം നല്കുന്നില്ലെന്ന് മേൽ വസ്തുതകൾ വെളിവാക്കുന്നു. ഉദ്യോഗസ്ഥർ മുതൽ ഭരണസമിതി വരെയുള്ള വിവിധ തലങ്ങളിലെ ജാഗ്രതക്കുറവാണ് അപാകതകൾ ആവർത്തിക്കാൻ കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 04.03.2021, 05.03.2021 | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,48,950 | ലൈഫ് ഭവന പദ്ധതി (പ്രൊ.നം.26) | 2,48,950 | - |
| | | 2,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് (പ്രൊ.നം. 16) | 2,00,000 | - |
| | | 1,20,000 | ക്ഷീര കർഷകർക്ക് | 1,20,000 | - |

| | | | | | |
|---|---|---|---|---|---|
| | | | മിൽക്ക് ഇൻസന്റീവ് (പ്രൊ.നം.64) | | |
| | | 2,50,000 | വനിത ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസന്റീവ് (പ്രൊ.നം.130) | 2,50,000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് (പ്രൊ.നം. 18) | 2,00,000 | - |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ (പ്രൊ.നം. 18) | | 37842 | - | 37842 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 6120/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-9 | 1560 | പ്രൊപ്രൈറ്റർ, ടോപ്പ് ഫോം ഫർണ്ണിച്ചർ 840/- | 119010106715/ 11.03.2020 |
| | | | പ്രൊപ്രൈറ്റർ, | 119010106718/ |

| | | | | |
|---|---|---|---|---|
| | | | ഹൈടെക് ഫർണ്ണിച്ചർ | 11.03.2020 |
| | | 2400 | പ്രൊപ്രൈറ്റർ, ഗ്ലോബൽ വീൽ കെയർ | 119010106826/ 17.03.2020 |
| | | 1200 | പ്രൊപ്രൈറ്റർ, മെട്രോ ഇൻഡസ്ട്രി | 119010106879/ 18.03.2020 |
| | | 960 | പ്രൊപ്രൈറ്റർ, കാസിനോ ബേക്കറി | 119010106916/ 19.03.2020 |
| ആകെ | | 6120 | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2001-2002 | 11.9 | കാർഷികോപകരണങ്ങൾ വാങ്ങിയതിലും വിതരണം ചെയ്തതിലും ക്രമക്കേടും ധനനഷ്ടവും | സർക്കാർ സാധൂകരണം വാങ്ങിയിട്ടില്ലാത്തതിനാൽ നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ ശുപാർശ |
| 2000-01 | 1-3 | 2004-05 | 11.1.2.3 | ബജറ്റ് പാസ്സാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.25 | നികുതി പിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു. | ലഭ്യമല്ല |
| 2001-02 | | 2004-05 | 11.1.3.46 | നികുതി പിരിവിൽ അലംഭാവം കുടിശ്ശിക പെരുകുന്നു | ലഭ്യമല്ല |
| 2001-02 | 1-1 | 2004-05 | 11.1.2.4 | ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. | ലഭ്യമല്ല |
| 2001-02 | 4 | 2003-04 | 11.13.1.27 | കുട നിർമ്മാണ | ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | | | പരിശീലനം | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,44,42,129 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,25,03,807 |
| ആകെ | 6,69,45,936 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,87,92,371 |
| നീക്കിയിരിപ്പ് | 2,81,53,565 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,24,445 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,87,000 | ശ്രീമതി.സിനി.പി, വെറ്ററിനറി സർജൻ |
| 1-17 | 1,37,445 | ശ്രീമതി.സന്ധ്യ.പി.കെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| | 3,24,445 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സിനി. പി, വെറ്ററിനറി സർജൻ | വെറ്ററിനറി ഡിസ്പൻസറി, ഒഞ്ചിയം | കമലേഷ് നിലയം നട്ട് സ്ട്രീറ്റ് , വടകര |
| ശ്രീമതി.സന്ധ്യ.പി. കെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ | മത്സ്യഭവൻ ഓഫീസ്, താമരശ്ശേരി | മന്നത്ത്, കടലൂർ കോടിക്കൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി5/1186/12 തീ.28/07/2012 | 22 | 2-1,2-2,2-3, 2-4, 2-5, 3-1,3-2, 3-3, 3-4, 3-5(A), 3-5(B), 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15, 3-16, 3-17 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി11/ 951/14 തീ.10/10/14 | 7 | 2(2), 3(1), 3(8), 3(6)1, 2,3,3(7) |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി5/ 137/14 തീയതി-6-3-14 | 14 | 2(4)(5), 3(1), 3(2), 3(6), 3(7), 3(8), 3(9), 3(10, 3(11), 3(12), 3(13), 3(14), 3(20) |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി5/ 1718/13 തീയതി-2-1-14 | 19 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-16,<br>3-17, 3-18, 3-19 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി/ പി5/ 1422/15 തീയതി 23.11.15 | 19 | 2-1, 3-1, 3-2, 3-3, 3-4, 3-5 , 3-6, 3-7, 3-8, 3-9, 3-10,<br>3-11, 3-12, 3-19,<br>3-14, 3-15, 3-16, 4-3, 4-10 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി5/ 1031/16 തീയതി 17.6.16 | 15 | 2-1, 2-2, 2-3, 3-1, 3-2,<br>3-3, 3-4, 3-6, 3-7,3-8, 3-10, 3-11 , 3-12, 3-13, 3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി5/ 2047/17 തീയതി | 23 | 2-1(1)(4)(9), 2-1, 2-3, 2-4, 2-5(5),2-5(6,7), 2-6, 2-7,3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-15,3-16, 3-17 |

| | | | |
|---|---|---|---|
| | 22.03.18 | | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി5/ 397/19 തീയതി 30.03.19 | 18 | 1-12, 2-1, 2-2, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി6/1729/2019 തീ. 07.07.2020 | 27 | 1-10(7), 1-12(2), 1-12(3), 1-12(4), 1-12(5), 1-12(7), 1-12(8), 2-1, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8-1, 3-8-3, 3-8-4, 3-8-5, 3-9, 3-10, 3-11-1, 3-11-2, 3-13, 3-14, 3-15, 4-1, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി6/1729/2019 തീ. 07.07.2020 | 19 | 1-8, 1-9, 1-10, 1-11, 1-12(1), 1-13, 1-14, 1-15(I), 1-15(Ii), 1-15(Iii), 1-15(Iv), 1-15(V), 1-15(Vi), 1-16, 1-18, 1-19, 1-20, 3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്